# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 30-11-2015 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 189

## വിഴിഞ്ഞം പദ്ധതിക്ക് ചെലവഴിച്ച തുക

ചോദ്യം

ശ്രീ. ബി.സത്യൻ :

(എ) വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് എതെല്ലാം കാര്യങ്ങൾക്കായി എത്ര തുക നാളിതുവരെ ഏതെല്ലാം ഘട്ടങ്ങളിലായി ചെലവഴിക്കുകയുണ്ടായിട്ടുണ്ട് ;

(ബി) അദാനിയുമായിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര – സംസ്ഥാന ഗവൺമെന്റുകൾ, അദാനി ഗ്രൂപ്പ് എന്നിവർ പ്രസ്തുത പദ്ധതിയ്ക്ക് വേണ്ടി ചെലവഴിക്കുന്ന തുക എത്ര വീതമാണ് ;

മറുപടി

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)

(എ) വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് തുറമുഖ നിർമ്മാണ ഘട്ടത്തിൽ നാളിതുവരെ ചെലവായ തുക ചുവടെ ചേർക്കുന്നു.

| | | | തുക (കോടിയിൽ) |
|---|---|---|---|
| 1 | ഭൂമി ഏറ്റെടുക്കൽ | - | 533 |
| 2 | വൈദ്യുതി | - | 51 |
| 3 | വെള്ളമെത്തിക്കൽ | - | 7 |
| 4 | റെയിൽ | - | 4 |
| 5 | കൺസൾട്ടൻസി, ലീഗൽ ചെലവ്, അഡ്മിനിസ്ട്രേഷൻ മറ്റ് ചെലവുകൾ | - | 45 |
| | ആകെ | | 640 കോടി |

(ബി) കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിനു മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി. ഘടകവും 1463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക് വാട്ടറിന്റെ തുകയുമാണ്. മേൽപ്പറഞ്ഞ 5552 കോടി രൂപ കൂടാതെ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റെയിൽ കണക്ടിവിറ്റിയും വെള്ളവും ഭൂമിയും നൽകേണ്ടത് സംസ്ഥാന സർക്കാരാണ്. ഇതിന് നിലവിൽ നിർണ്ണയിച്ചിട്ടുള്ള തുക 1973 കോടി രൂപയാണ്. ബാഹ്യ

അടിസ്ഥാന സൗകര്യങ്ങൾക്കുള്ള തുക കൂടി കണക്കിലെടുത്താൽ മൊത്തം പദ്ധതി ചെലവ് 7525 കോടി രൂപയാണ്.

പി.പി.പി. ഘടകത്തിൽ സ്വകാര്യ പങ്കാളിയ്ക്ക് 40% സഹായധനത്തിന് അർഹതയുണ്ട്. ബിഡ്ഡർ ആവശ്യപ്പെട്ട സഹായധനം 1635 കോടി രൂപയാണ്. ഇതിൽ പി.പി.പി. ഘടകത്തിന്റെ 30% സഹായധനം 1226.7 കോടി രൂപ "Equity Support" ആയി നിർമ്മാണ ഘട്ടത്തിലും, 408.3 കോടി രൂപ "O&M Support" ആയി നടത്തിപ്പ കാലയളവിലും സ്വകാര്യ പങ്കാളിയ്ക്ക് നൽകേണ്ടതാണ്.

സംസ്ഥാന സർക്കാർ നിർമ്മാണ കാലയളവിൽ 1871.9 കോടി രൂപ ചെലവഴിക്കും. ഇതിൽ 1463 കോടി രൂപയുടെ ഫണ്ടഡ് വർക്കും 408.9 കോടി രൂപയുടെ സഹായധനവും ഉൾപ്പെടും. സംസ്ഥാന സർക്കാർ നടത്തിപ്പ കാലയളവിൽ 408.3 കോടി രൂപ സഹായധനമായി നൽകും. സംസ്ഥാന സർക്കാർ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ബാഹ്യ അടിസ്ഥാന സൗകര്യത്തിനായി 1973 കോടി രൂപ ചെലവ് വഹിയ്ക്കും.

കേന്ദ്ര സർക്കാർ നിർമ്മാണ കാലയളവിൽ 817.8 കോടി രൂപ സഹായധനമായി നൽകും.

സ്വകാര്യ പങ്കാളിയായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് നിർമ്മാണ കാലയളവിൽ 2862.3 കോടി രൂപ ചെലവഴിക്കും.

(സി) പദ്ധതി പ്രദേശത്തുള്ളവരുടെ പുനരധിവാസ പാക്കേജിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണ് ;

(സി) വിഴിഞ്ഞം തുറമുഖ വികസനവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരവും പുനരധിവാസവും ആവശ്യമായി വരുന്നത് രണ്ടു വിഭാഗങ്ങൾക്കാണ്.

1) സ്ഥലവും വീടും നഷ്ടപ്പെടുന്നവർ,
2) തൊഴിൽ ബാധിയ്ക്കുന്നവർ,

1) <u>സ്ഥലവും വീടും നഷ്ടപ്പെടുന്നവർ</u>

വീട് ഉൾപ്പെടുന്ന സ്ഥലം ഏറ്റെടുത്തതുമൂലം

ഇതുവരെ 67 കുടുംബങ്ങൾക്കാണ് പുനരധിവാസം ആവശ്യമായി വന്നത്. ഇവരെ പൂർണ്ണമായും പുനരധിവസിപ്പിച്ചിട്ടുണ്ട്. ഇവരുടെ വസ്തുവിന്റെയും മറ്റു സ്ഥാവരജംഗമ വസ്തുക്കളുടെയും വിലയ്ക്കു പുറമേ പുനരധിവാസത്തിനായി 5 സെന്റ് വസ്തു സൗജന്യമായി നൽകുകയും കൂടാതെ, ഏറ്റെടുത്ത വീടുകളുടെ പഴക്കം കണക്കാക്കാതെ നിലവിലെ വിലയുടെ ഒന്നരയിരട്ടിയും പുനരധിവാസത്തിന്റെ ഭാഗമായി നൽകിയിട്ടുണ്ട്. ഇതിനു പുറമേ ആറു മാസം പുനരധിവാസ കാലയളവായി കണക്കാക്കി ഒരു കുടുംബത്തിന് പ്രസ്തുത കാലയളവിലെ വീട്ടുവാടകയും (3250 രൂപ X 6 മാസം= 19500) Hardship Allowance ഉം (3000 രൂപ X 6 മാസം= 18000) നൽകിയിട്ടുണ്ട്. ഇങ്ങനെ മൊത്തം 67 കുടുംബങ്ങൾക്കായി പുനരധിവാസത്തിനായി സൗജന്യമായി വസ്തു നൽകിയ ഇനത്തിൽ ഏകദേശം 11.39 കോടി രൂപയും വാടകയുടെയും Hardship Allowance ന്റെയും ഇനത്തിൽ ഏകദേശം 25 ലക്ഷത്തിലധികം രൂപയും നൽകിയിട്ടുണ്ട്.

2) <u>തൊഴിൽ ബാധിയ്ക്കുന്നവർ</u>

തുറമുഖവികസനം മൂലം പദ്ധതി പ്രദേശത്ത് തൊഴിൽ ബാധിയ്ക്കുന്നവരെ കണ്ടെത്തുന്നതിനും അവരുടെ നഷ്ടപരിഹാരവും പുനരധിവാസവും നിശ്ചയിക്കുന്നതിനായി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായ 5 അംഗ Livelihood Impact Appraisal (LIAC) കമ്മിറ്റിയും അതിന്മേലുയരുന്ന പരാതികൾ പരിഗണിയ്ക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായ 5 അംഗ അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. LIAC തയ്യാറാക്കിയ റിപ്പോർട്ട് 2015 സെപ്റ്റംബർ മാസം 18-ാം തീയതി പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിന്മേൽ 18800 ലധികം പരാതികൾ ലഭിക്കുകയും, പ്രസ്തുത പരാതികൾ വിവിധ വിഭാഗങ്ങളായി തിരിച്ച് LIAC അപ്പീൽ കമ്മിറ്റി പരിശോധിച്ചുവരുന്നു.

മേൽപ്പറഞ്ഞവയ്ക്കു പുറമേ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ സമീപ പ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആഴക്കടൽ മത്സ്യബന്ധന സംവിധാനം ശക്തിപ്പെടുത്തൽ,

അനുബന്ധ പരിശീലനങ്ങൾ, സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം, സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, സ്ത്രീകളുടെ പുരോഗതി, വിദ്യാഭ്യാസ സൗകര്യ വികസനം, ആരോഗ്യ സംവിധാനങ്ങൾ, വയോജന ക്ഷേമം, തീരമേഖലയിലെ ഭവന പദ്ധതികൾ എന്നിവ ഉൾപ്പെടെ 475 കോടി രൂപ 5 വർഷം കൊണ്ട് വിനിയോഗിക്കുന്ന ഒരു പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) അടിസ്ഥാന സൗകര്യ വികസനം, പദ്ധതി ചെലവ്, വയബിലിറ്റി ഗ്യാപ്പ്, പുനരധിവാസ പാക്കേജ് തുടങ്ങി വിഴിഞ്ഞം പദ്ധതിക്കും അനുബന്ധങ്ങൾക്കുമായി ചെലവഴിക്കുന്ന മൊത്തം തുക എത്ര ; അദാനി ഗ്രൂപ്പ് ചെലവഴിക്കുന്ന തുക എത്ര ; വിശദമാക്കുമോ ?

(ഡി) കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിനു മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി. ഘടകവും 1463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക് വാട്ടറിന്റെ തുകയുമാണ്. മേൽപ്പറഞ്ഞ 5552 കോടി രൂപ കൂടാതെ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റെയിൽ കണക്ടിവിറ്റിയും വെള്ളവും ഭൂമിയും നൽകേണ്ടത് സംസ്ഥാന സർക്കാരാണ്. ഇതിന് നിലവിൽ നിർണ്ണയിച്ചിട്ടുള്ള തുക 1973 കോടി രൂപയാണ്. ബാഹ്യ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള തുക കൂടി കണക്കിലെടുത്താൽ മൊത്തം പദ്ധതി ചെലവ് 7525 കോടി രൂപയാണ്.

പി.പി.പി. ഘടകത്തിൽ സ്വകാര്യ പങ്കാളിയ്ക്ക് 40% സഹായധനത്തിന് അർഹതയുണ്ട്. ബിഡ്ഡർ ആവശ്യപ്പെട്ട സഹായധനം 1635 കോടി രൂപയാണ്. ഇതിൽ പി.പി.പി. ഘടകത്തിന്റെ 30% സഹായധനം 1226.7 കോടി രൂപ "Equity Support" ആയി നിർമ്മാണ ഘട്ടത്തിലും, 408.3 കോടി രൂപ "O&M Support" ആയി നടത്തിപ്പ കാലയളവിലും സ്വകാര്യ പങ്കാളിയ്ക്കു നൽകേണ്ടതാണ്.

സംസ്ഥാന സർക്കാർ നിർമ്മാണ കാലയളവിൽ 1871.9 കോടി രൂപ ചെലവഴിക്കും. ഇതിൽ 1463 കോടി രൂപയുടെ ഫണ്ടഡ് വർക്കും 408.3 കോടി രൂപ സഹായധനമായി നൽകും.

സംസ്ഥാന സർക്കാർ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ബാഹ്യ അടിസ്ഥാന സൗകര്യത്തിനായി 1973 കോടി രൂപ ചെലവ് വഹിയ്ക്കും.

കേന്ദ്ര സർക്കാർ നിർമ്മാണ കാലയളവിൽ 817.8 കോടി രൂപ സഹായധനമായി നൽകും.

സ്വകാര്യ പങ്കാളിയായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് നിർമ്മാണ കാലയളവിൽ 2862.3 കോടി രൂപ ചെലവഴിക്കും.

സെക്ഷൻ ഓഫീസർ